1A3

12/4/18

13 APR 2018

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യാവസായിക പരിശീലന വകുപ്പ് - വിവിധ ഐ.ടി.ഐ -കളിൽ സെക്യൂരിറ്റി ജീവനക്കാരെയും ശുചീകരണ തൊഴിലാളികളെയും താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(സാധാ) നം./430/2018/തൊഴിൽ** തീയതി,തിരുവനന്തപുരം 11/04/2018

---

പരാമർശം:- 1) 04/06/2016 ലെ സ.ഉ.(സാധാ) 179/2005/പൊ.ഭ.വ നമ്പർ ഉത്തരവ്.
2) 27/09/2017 ലെ സ.ഉ.(കൈ) 79/2017/തൊഴിൽ നമ്പർ ഉത്തരവ്.
3) 27/09/2017 ലെ സ.ഉ.(കൈ) 80/2017/തൊഴിൽ നമ്പർ ഉത്തരവ്.
4) 27/09/2017 ലെ സ.ഉ.(കൈ) 81/2017/തൊഴിൽ നമ്പർ ഉത്തരവ്.
5) 05/11/2017 ലെ സ.ഉ.(കൈ) 96/2017/തൊഴിൽ നമ്പർ ഉത്തരവ്.
6) 18/12/2017 ലെ ട്രെയിനിംഗ് ഡയറക്ടറുടെ ഐ4/8479/2017നം. കത്ത്

**<u>ഉത്തരവ്</u>**

പരാമർശം 2 മുതൽ 5 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം കോടോം-ബേളൂർ (കാസർഗോഡ്), കൊട്ടാരക്കര (കൊല്ലം), ചാത്തമംഗലം (കോഴിക്കോട്), പടിയൂർ (കണ്ണൂർ) എന്നിവിടങ്ങളിൽ പുതുതായി സർക്കാർ ഐ.ടി.ഐ അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം 6-ലെ കത്ത് പ്രകാരം പ്രസ്തുത ഐ.ടി.ഐകളിൽ വാച്ച്മാൻ, സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന് ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതുതായി അനുവദിച്ച കോടോം-ബേളൂർ (കാസർഗോഡ്), കൊട്ടാരക്കര (കൊല്ലം), ചാത്തമംഗലം (കോഴിക്കോട്), പടിയൂർ (കണ്ണൂർ) എന്നി സർക്കാർ ഐ.ടി.ഐ കളിൽ രണ്ട് സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ വീതം സേവനം പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് എക്സ്സർവ്വീസ് ഡവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേന ലഭ്യമാക്കാനും ഒരു ശുചീകരണ തൊഴിലാളിയുടെ വീതം സേവനം കുടുംബശ്രീ മുഖേന ലഭ്യമാക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശിവദാസൻ ഇ.കെ**
**ജോയിൻറ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (737598/H&L B1/19/2018-ധന തീയതി 05/03/2018 പ്രകാരം)

145

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt. No. I4/8479/17 dated 16/04/2018**

Copy communicated to A3 Seat for information and urgent necessary action.

**ADDITIONAL DIRECTOR OF TRAINING**

Copy to:

1. Principal,
   ITI Kottarakara/Chathamangalam/Kodom-Belur/Padiyoor
2. JAA(C) for publishing in the Department website.

A.17/04/2018